# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ –
# കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം.

(ഹാജർ: എസ്.ഹരികിഷോർ IAS)

വിഷയം: കുടുംബശ്രീ - എൻ.യു.എൽ.എം പദ്ധതി - സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും - സ്വയം സഹായ സംഘങ്ങൾ / ഏര്യ ലെവൽ ഫെഡറേഷനുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:
1. 22/6/2015, 4/7/2015 എന്നീ തീയതികളിലെ ഈ ഓഫീസിലെ 6701/എഫ്/2013 കെഎസ്എച്ച്ഒ നമ്പർ സർക്കുലറുകൾ
2. 04/07/2018-ലെ പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ NULM/E1/6069/89/2016 നമ്പർ കത്ത്.
3. 23.06.18 ലെ കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ File No. COC/NULM/038206/15 നമ്പർ കത്ത്.

## *Order No. 8659 /F /2015/ KSHO dated 26.09.2018*

ദേശീയ നഗര ഉപജീവന മിഷന്റെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വയംസഹായ സംഘങ്ങൾക്കും വാർഡ്/ഏര്യാതല ഫെഡറേഷനുകൾക്കും (എ.എൽ.എഫ്/നിലവിൽ എഡിഎസ്) റിവോൾവിങ് ഫണ്ട് നൽകുവാൻ പദ്ധതി വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് സ്വയംസഹായ സംഘങ്ങൾക്ക് വായ്പയായി നൽകുന്നതിനും എ.എൽ.എഫിന്റെ കരുതൽ ധനമായും എൻ.യു.എൽ.എം പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നതിനു വേണ്ടി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു സ്വയംസഹായ സംഘത്തിന് 10,000 രൂപയും (പതിനായിരം) എഎൽഎഫിന് 50,000/- രൂപയും (അമ്പതിനായിരം) റിവോൾവിംഗ് ഫണ്ടായി അനുവദിക്കാവുന്നതാണ്. ഈ തുക ലഭിക്കുന്നതിലൂടെ എസ്എച്ച്ജി/എ.എൽ.എഫുകളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും കൂടുതൽ തുക വായ്പയായി സംഘാംഗങ്ങൾക്ക് നൽകാൻ സാധിക്കുകയും ചെയ്യും.

പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളിലെ തെരഞ്ഞെടുത്ത അയൽക്കൂട്ടങ്ങൾക്ക്/ സ്വയംസഹായ സംഘങ്ങൾക്കും ഏര്യ ലെവൽ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി വ്യവസ്ഥ ചെയ്യുന്ന സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം നഗരസഭകൾക്ക് നൽകിയിട്ടുണ്ട്.

ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം (2, 3) പ്രകാരം പാലക്കാട് നഗരസഭയിലെയും കൊച്ചി കോർപ്പറേഷനിലേയും സ്വയംസഹായ സംഘങ്ങൾക്കും എഡിഎസുകൾക്കും റിവോൾവിംഗ് ഫണ്ട് അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി നഗരസഭകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷകൾ മാർഗ്ഗനിർദ്ദേശ പ്രകാരമായതിനാൽ തുക അനുവദനീയമാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (2, 3) പ്രകാരമുള്ള നഗരസഭകളുടെ അപേക്ഷകൾ പരിഗണിച്ച് സ്വയം സഹായ സംഘങ്ങൾ/എഡിഎസുകൾ എന്നിവയ്ക്കുള്ള റിവോൾവിംഗ് ഫണ്ട് സംസ്ഥാന മിഷനിൽ നിന്നും താഴെപറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| നഗരം | SHG/NHG ALF/ADS | എണ്ണം | തുക (രൂപ) | ആകെ തുക (രൂപ) | അക്കൗണ്ട് | ബാങ്ക് വിവരം |
|---|---|---|---|---|---|---|
| പാലക്കാട് | SHG (@ Rs 10,000) | 90 | 900000 | 900000 | National Urban Livelihood Mission, Palakkad Municipality,Palakkad 0812101068688 Canara Bank, Sultanpet, Canara Bank, H P O Road, Sultanpet, Palakkad, Kerala-678001 | CNRB0000812 |
| കൊച്ചി | SHG (@ Rs 10,000) | 301 | 30,10000 | 31,60,000 | 522802010007117 Union Bank of India Kadavanthara | UBIN0552283 |
| | ADS (@ Rs 50,000) | 3 | 1,50,000 | | | |
| | | | ആകെ | **40,60,000** (നാൽപ്പത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) | | |

പ്രസ്തുത ചെലവ് തുക എൻയുഎൽഎം ഫണ്ടിലെ Social Mobilization & Infrastructure Development എന്ന ശീർഷകത്തിൽ Revolving Fund to Self Help Group / Revolving Fund to ALF, (1.3/1.4) എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം യഥാസമയം സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

*അക്കൗണ്ട്സ് സെക്ഷൻ - (തുക അനുവദിക്കുന്നതിലേയ്ക്കായി)*

**To**

1. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ
2. ബന്ധപ്പെട്ട സിറ്റിമിഷൻ മാനേജർമാർ

പകർപ്പ്

1. ബന്ധപ്പെട്ട നഗരങ്ങളിലെ സിപിഒമാർ
2. ബന്ധപ്പെട്ട നഗരങ്ങളിലെ സിഎംഎംയു മാനേജർമാർ
3. കരുതൽ/അധികം

ഉത്തരവിൻപ്രകാരം,

അക്കൗണ്ട്സ് ഓഫീസർ